## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6051      19.11.2019 -ൽ മറുപടിയ്ക്ക്

### വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനു സ്വീകരിച്ച നടപടി

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിദേശ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേക്ക് കൂടുതലായി ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | എ) | വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി ടൂറിസം വകുപ്പ് വിവിധ അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുത്തിട്ടുണ്ട്. കൂടാതെ വിവിധ ലോകനഗരങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം വകുപ്പ്, സംസ്ഥാനത്തിന്റെ ടൂറിസം വിപണികളായ ലോകനഗരങ്ങളിലാണ് ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കുന്നത്. കേരളത്തിൽ നിന്നുള്ള ഹോട്ടലുകൾ, റിസോർട്ടുകൾ, ടൂർ ഓപ്പറേറ്റർമാർ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ഉടമകൾ എന്നിവരടങ്ങുന്ന സംരംഭകർക്ക് അതാത് നഗരത്തിലെ ടൂർ ഓപ്പറേറ്റർമാരുമായി വ്യാപാരത്തിലേർപ്പെടാനുള്ള അവസരമാണ് ഇതിലൂടെ ഒരുക്കുന്നത്. കേരളത്തിന്റെ പ്രധാന വിപണികളായ യു.കെ, അയർലണ്ട്, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, നെതർലാന്റ്സ്, യു.എസ്സ്.എ, ചൈന, സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങൾ, സ്വിറ്റ്സർലന്റ്, ജപ്പാൻ, മലേഷ്യ, റഷ്യ, ഉക്രൈൻ, ഹംഗറി, സ്പെയിൻ, പോളണ്ട്, സിംഗപ്പൂർ, ഇസ്രായേൽ, ആസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളിലാണ് പ്രധാനമായും ഇവന്റുകൾ സംഘടിപ്പിച്ചിട്ടുള്ളത്.<br><br>ഇന്ത്യൻ സംഗീതജ്ഞരെ ഉൾപ്പെടുത്തി 2018-ൽ |

| | | | |
|---|---|---|---|
| | | | നിശാഗന്ധി മൺസൂൺ രാഗോത്സവം ആരംഭിച്ചു. കേരളത്തിലെ പരമ്പരാഗത ചുണ്ടൻവള്ള മൽസരങ്ങളെ കോർത്തിണക്കി, ലീഗ് അടിസ്ഥാനത്തിൽ, 6 ജില്ലകളിലായി 12 വേദികളിൽ " ചാമ്പ്യൻസ് ബോട്ട് ലീഗ് " ആരംഭിച്ചു. വിദേശികൾക്ക് കേരളത്തെക്കുറിച്ച് കൂടുതൽ അറിയാനായി കേരള ബ്ലോഗ് എക്സ്പ്രസ്സ് നടത്തി വരുന്നുണ്ട്. മാത്രമല്ല, വിദേശ വിപണികളായ അമേരിക്ക, യു.കെ., ആസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ കേന്ദ്രീകരിച്ച് വിവിധ മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. 2019 ഒക്ടോബറിൽ ആരംഭിച്ച "Human by Nature" പ്രചരണ പരിപാടിയും വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. |
| ബി) | ടൂറിസം കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | നിലവിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായ എല്ലാ പദ്ധതികളും ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്ന തരത്തിലാണ് നടപ്പിലാക്കി വരുന്നത്. ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായും വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം ടൂറിസം സെന്ററുകളിൽ ലഭ്യമാക്കുന്നതിനുമായി ഗ്രീൻകാർപ്പറ്റ് എന്ന പദ്ധതി പ്രകാരം വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. കൂടാതെ അംഗ പരിമിതരായ സഞ്ചാരികൾക്കായി പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും " ബാരിയർ ഫ്രീ കേരള മേക്കിംഗ് ടൂറിസം അക്സസിബിൾ ഫോർ ഓൾ " എന്ന പദ്ധതി പ്രകാരവും സൗകര്യങ്ങൾ ഏർപ്പെടുത്തി വരികയാണ്. |

| | | | |
|---|---|---|---|
| സി) | കോവളം, വർക്കല തുടങ്ങി വിദേശ ടൂറിസ്റ്റുകൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ പോലും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ടൂറിസം വകുപ്പ് പരാജയപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | ഇത്തരത്തിൽ ഒരു പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ഗ്രീൻകാർപെറ്റ് പദ്ധതിപ്രകാരം ടൂറിസ്റ്റുകൾക്കായി എന്തൊക്കെ സൗകര്യമാണ് ഒരുക്കുന്നതെന്ന് അറിയിക്കാമോ? | ഡി) | ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തിയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയും ടൂറിസ്റ്റ് സൗഹൃദ കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് ഗ്രീൻകാർപെറ്റ് പദ്ധതി. പത്തിന അജണ്ട അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.<br>1. മാലിന്യ നിർമ്മാർജ്ജനം<br>2. പൊതു ശൗചാലയം<br>3. പൊതു സൗകര്യങ്ങൾ<br>4. ശുദ്ധമായ കുടിവെള്ളവും ആഹാരവും<br>5. ഹരിതതത്വം പ്രോത്സാഹിപ്പിക്കൽ<br>6. സുരക്ഷിതത്വം<br>7. സത്യസന്ധമായ വിവര ലഭ്യത<br>8. പരിശീലനം<br>9. തദ്ദേശ പങ്കാളിത്തം<br>10. ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം |

സെക്ഷൻ ഓഫീസർ